സ്വാമി ശരണം

ആർ ഒ സി. 8508/16/എസ്റ്റാ ബി

30.05..2016

# ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം - നെടിയാണിക്കൽ ദേവസ്വം പരിശോധന - ശ്രീ ബി പ്രസന്നൻ പിള്ളയുടെ പേരിലുള്ള വീഴ്ചകൾ സംബന്ധിച്ച്.

സൂചന - 1.കരുനാഗപ്പള്ളി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 12.05.2016 ലെ 459 നമ്പർ റിപ്പോർട്ട്

2. ഈ ഓഫീസിലെ 17.05.2016 ലെ മേൽ നമ്പർ ഉത്തരവ്

3. ശ്രീ ബി പ്രസന്നൻ പിള്ളയുടെ 26.05.2016 ലെ അപേക്ഷ

4. കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 30.05.2016 ലെ 1013 നമ്പർ റിപ്പോർട്ട്

5. കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 30.05.2016 ലെ 1014 നമ്പർ റിപ്പോർട്ട്.

കരുനാഗപ്പള്ളി ഗ്രൂപ്പിൽപ്പെട്ട നെടിയാണിക്കൽ ദേവസ്വം കണക്കുകൾ ജൂനിയർ സൂപ്രണ്ട് പരിശോധന നടത്തിയതിൽ സബ് ഗ്രൂപ്പ് ഓഫീസർ ആയിരുന്ന ശ്രീ ബി പ്രസന്നൻ പിള്ളയുടെ പേരിൽ 1,64,118രൂപ (ഒരു ലക്ഷത്തിഅറുപത്തി നാലായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ) ചുമതലയുള്ളതായി കാണപ്പെട്ടുവെന്ന സൂചന 1 നമ്പർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ കൊല്ലം ഗ്രൂപ്പിലെ പനയ്ക്കത്തോടി ദേവസ്വത്തിൽ ഹയർ ഗ്രേഡ് സബ് ഗ്രൂപ്പ് ഓഫീസർ ആയി ജോലി നോക്കി വന്നിരുന്ന ശ്രീ ബി പ്രസന്നൻ പിള്ളയെ സൂചന 2 നമ്പർ ഉത്തരവിൻ പ്രകാരം സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു.

ശ്രീ ബി. പ്രസന്നൻ പിള്ള 25.05.2016 ൽ 357 ാ നമ്പരായി 1,64,118/- രൂപ (ഒരു ലക്ഷത്തിഅറുപത്തി നാലായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ) കരുനാഗപ്പള്ളി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ് മുഖാന്തിരം ഒടുക്കു വരുത്തി ചെല്ലാൻ, പകർപ്പും 31.05.2016 ൽ റിട്ടയർ ചെയ്യുന്നതിനാൽ സർവീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് വിവരിച്ച് അപേക്ഷയും ഹാജരാക്കി. കൊല്ലം ഗ്രൂപ്പിലെ ടിയാന്റെ കൈവശമുണ്ടായിരുന്ന പനയ്ക്കത്തോടി സബ് ഗ്രൂപ്പ് കണക്കുകൾ ഗ്രൂപ്പ് ജൂനിയർ സൂപ്രണ്ടിനെ കൊണ്ട് ആഡിറ്റ് നടത്തി റിപ്പോർട്ട് ചെയ്യുവാൻ കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നല്കിയ നിർദ്ദേശത്തെ തുടർന്ന് ഗ്രൂപ്പാഫീസ് ജൂനിയർ സൂപ്രണ്ട് പ്രാഥമിക പരിശോധന നടത്തിയിട്ടുള്ളതിലും പ്രഥമദൃഷ്ട്യാ ചുമതലകൾ കണ്ടെത്തിയില്ലെന്ന് വിവരിച്ചിട്ടുണ്ട്. പനയ്ക്കത്തോടി ദേവസ്വം ചാർജ്ജ് കൈമാറിയിട്ടുള്ളതായി കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ സൂചന (4) റിപ്പോർട്ടിലൂടെ അറിയിച്ചിട്ടുള്ളതുമാണ്.

31.05.2016 ൽ പെൻഷനാകുന്നുവെന്ന വസ്തുത വിവരിച്ചുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലും നെടിയാണിക്കൽ ദേവസ്വം ചുമതല പൂർണ്ണമായും ഒടുക്കു വരുത്തിയ സാഹചര്യത്തിലും ഫയലിൽ ലഭ്യമായ മറ്റ് വിവരങ്ങളുടെ അടിസ്ഥാനത്തിലും കൊല്ലം ഗ്രൂപ്പിൽ പനയ്ക്കത്തോടി സബ് ഗ്രൂപ്പ് ഓഫീസർ ആയിരുന്ന ശ്രീ ബി പ്രസന്നൻ പിള്ളയുടെ സസ്പെൻഷൻ റദ്ദ് ചെയ്ത് ടിയാനെ പനയ്ക്കത്തോടി സബ് ഗ്രൂപ്പ് ഓഫീസർ ആയി പ്രവേശിപ്പിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

ഒപ്പ്
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീ.ണർ
അഡ്മിനിസ്ട്രേഷൻ

പകർപ്പ്

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (കവറിംഗ് ലറ്റർ സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ, പനയ്ക്കത്തോടി ദേവസ്വം കണക്കുകൾ ഓഡിറ്റ് നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
4. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
5. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം, ഹരിപ്പാട്
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊല്ലം - നടപടിയ്ക്കായി
7. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കരുനാഗപ്പള്ളി
8. എസ്റ്റാ എ സെക്ഷൻ
9. ശ്രീ ബി പ്രസന്നൻ പിള്ള, സബ് ഗ്രൂപ്പ് ഓഫീസർ, പനയ്ക്കത്തോടി (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊല്ലം മുഖേന)
10. ഇ ഡി പി സെക്ഷൻ
11. സെക്ഷൻ ഫയൽ